**കേരള സർക്കാർ**

<u>സംഗ്രഹം</u>

പൊതുമരാമത്ത് വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ പൊതുമരാമത്ത് വകുപ്പ് മലപ്പുറം എടവണ്ണ വിശ്രമ കേന്ദ്രത്തിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി. റംലാ ബീഗം ഫയൽ ചെയ്ത OA(EKM) No. 1104/2016 ന്റെ മേൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 06.09.2018 ലെ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ബി) വകുപ്പ്**

**സ.ഉ.(കൈ) നം.50/2021/പൊ.മ.വ തീയതി, തിരുവനന്തപുരം, 18.11.2021**

പരാമർശം:
1. സ.ഉ (എം.എസ് ) നം.191/1982/പി.ഡബ്ല്യൂ & ഇ തീയതി 24/12/1982.
2. സ.ഉ (അച്ചടി) നം. 501/2005/ ധന. തീയതി 25.11.2005.
3. സ.ഉ(എം.എസ് ) നം. 16/2010/പൊ.മ.വ തീയതി 22/03/2010.
4. മലപ്പുറം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച 22/06/2010 തീയതിയായുള്ള കത്ത്.
5. OA(EKM) No. 1104/2016-ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 06.09.2018-ലെ ഉത്തരവ്.
6. പൊതുമരാമത്ത് വകുപ്പ് മലപ്പുറം, കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 03.12.2018 തീയതിയായി പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയ എ 6/587/2017 നംപർ കത്ത്.
7. പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ 21.02.2019-ലെ ഒ & എം. 3/16568/2016 നംപർ കത്ത്.
8. OP(KAT) No.401/2020-ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 01.02.2021 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള മലപ്പുറം എടവണ്ണ വിശ്രമ കേന്ദ്രത്തിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി റംലാ ബീഗം തന്റെ സർവ്വീസ് സ്ഥിരപ്പെടുത്തി ലഭിക്കുന്നതിനായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) No.1104/2016 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ടി കേസുമായി ബന്ധപ്പെട്ട്, ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) പ്രകാരമുള്ള അന്തിമ ഉത്തരവിൽ, ഹർജിക്കാരിയുടെ സർവ്വീസ് സ്ഥിരപ്പെടുത്തുവാൻ, ബന്ധപ്പെട്ട എക്സിക്യൂട്ടിവ് എഞ്ചിനീയർ സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ പരിഗണിക്കുന്നതിന് പൊതുമരാമത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവായി. അതോടൊപ്പം, പരാമർശം (2) പ്രകാരമുള്ള ആനുകൂല്യങ്ങൾ, ടി ഉത്തരവ് കൈപ്പറ്റി മൂന്ന് മാസത്തിനകം അനുവദിച്ച് നൽകുവാൻ ഉചിതമായ ഉത്തരവിറക്കുവാനും, അതിന് ശേഷം രണ്ട് മാസത്തിനകം ഈ ആനുകൂല്യങ്ങൾ ഹർജിക്കാരിയ്ക്ക് അനുവദിച്ച് നൽകണമെന്നും ബഹു. ട്രൈബ്യൂണൽ ഉത്തരവാകുകയുണ്ടായി.

2) മേൽ ഉത്തരവിനെതിരെ സർക്കാർ, ബഹു. ഹൈക്കോടതിയിൽ OP(KAT) No.401/2020. നമ്പരായി അപ്പീൽ ഫയൽ ചെയ്തിരുന്നു. ശ്രീമതി. റംല ബീഗം സർവ്വീസിൽ പ്രവേശിച്ച 01/01/2000 മുതൽ ഒരു sanctioned post-ൽ ജോലി ചെയ്തു വരികയാണെന്നും ടിയാളുടെ കാര്യാലയത്തിലെ sweeping area 450 ചതുരശ്ര മീറ്ററിൽ കൂടുതലാണെന്നും ബഹു.ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം ബഹു. ഹൈക്കോടതി അപ്പീൽ നിരസിക്കുകയും കോടതി ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 6 ആഴ്ചയ്ക്കകം പരാമർശം (5) പ്രകാരമുള്ള ട്രൈബ്യൂണൽ ഉത്തരവ് നടപ്പാക്കുവാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു.

3) പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ നിലവിലില്ലാത്ത സർക്കാർ ഓഫീസുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചും നിലവിലുള്ള കാഷ്വൽ സ്വീപ്പർമാരുടെ സേവനം സ്ഥിരപ്പെടുത്തുന്നതിനെയും സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങളാണ് പരാമർശം (2) ലെ ഉത്തരവിൽ പ്രതിപാദിക്കുന്നത്. മലപ്പുറം എടവണ്ണ വിശ്രമ കേന്ദ്രത്തിൽ പരാമർശം(1) പ്രകാരം പാർട്ട് ടൈം സ്വീപ്പറുടെ താത്ക്കാലിക തസ്തിക അനുവദിച്ചതായും പരാമർശം (3) പ്രകാരം പ്രസ്തുത തസ്തിക സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുമുണ്ടെന്നും ആയതിനാൽ എടവണ്ണ റസ്റ്റ് ഹൗസിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക പുതുതായി സൃഷ്ടിക്കേണ്ട സാഹചര്യമില്ല എന്ന് പരാമർശം (6) പ്രകാരം മലപ്പുറം ബിൽഡിങ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകുകയും അതിനെ തുടർന്ന് ശ്രീമതി.റംല ബീഗം, കാഷ്വൽ സ്വീപ്പറിനെ എടവണ്ണ റസ്റ്റ് ഹൗസിലെ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പറുടെ തസ്തികയിൽ റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പരാമർശം (7) പ്രകാരം ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിൽ ശുപാർശ സമർപ്പിക്കുകയുമുണ്ടായി.

4) സർക്കാർ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീമതി. റംലാ ബീഗം ഫയൽ ചെയ്ത OA(EKM) No.1104/2016 കേസിന്മേലുള്ള പരാമർശം (5) പ്രകാരമുള്ള ട്രൈബ്യൂണൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിലേയ്ക്കായി, മലപ്പുറം, കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച്, പൊതുമരാമത്ത് വകുപ്പ് മലപ്പുറം എടവണ്ണ വിശ്രമ കേന്ദ്രത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 01/01/2000 മുതൽ കാഷ്വൽ സ്വീപ്പർ ആയി ജോലി നോക്കിവരുന്ന ടിയാളുടെ സേവനം ടിയാൾ ജോലിയിൽ പ്രവേശിച്ച തീയതിയായ 01/01/2000 മുതൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു. മേൽ സ്ഥിരപ്പെടുത്തലുമായി ബന്ധപ്പെട്ട് ശ്രീമതി. റംലാ ബീഗത്തിന് അർഹമായ സർവ്വീസ് ആനുകൂല്യങ്ങൾ, നാളിതുവരെ ടിയാൾ കൈപ്പറ്റിയത് കിഴിച്ചുള്ള തുക, അടിയന്തിരമായി കണക്കാക്കി, ആയത് അനുവദിച്ച് നൽകുന്നതിനുള്ള തുടർ നടപടികൾ, പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിക്കേണ്ടതും ബഹു. ട്രൈബ്യൂണലിന്റെ പരാമർശം (5) ലെ ഉത്തരവ് പ്രകാരം നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ആയത് അനുവദിച്ച് നൽകി സർക്കാരിൽ

റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

5) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ആനന്ദ് സിംഗ്**
**സെക്രട്ടറി**

ചീഫ് എൻജിനീയർ (ഭരണവിഭാഗം) പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി റംലാ ബീഗം, പാർട്ട് ടൈം സ്വീപ്പർ, PWD റസ്റ്റ് ഹസ്, എടവണ്ണ
(ചീഫ് എൻജിനീയർ (ഭരണവിഭാഗം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ)/ ഓഡിറ്റ് ) തിരുവനന്തപുരം, തൃശ്ശൂർ
അഡ്വക്കേറ്റ് ജനറൽ (കേരള), എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ധനകാര്യ വകുപ്പ്(1215140/EXP – C2/56/2019-FIN തീയതി 23.09.2021 കുറിപ്പ് പ്രകാരം.)
പൊതുഭരണ (എസ് .സി) വകുപ്പ് ( ഇനം. നം. 381 തീയതി. 17.11.2021).
വെബ് & ന്യൂ മീഡിയ വിഭാഗം, വിവരപൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-11-2021

ഫയൽ നം. PWD-B1/128/2016-PWD. ഇനം നം: 381

വിഷയം : പൊതുമരാമത്ത് വകുപ്പ് - ജീവനക്കാര്യം - ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ എടവണ്ണ പൊതുമരാമത്ത് വിശ്രമ കേന്ദ്രത്തിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി. റംലാ ബീഗത്തിന്റെ സർവ്വീസ് സ്ഥിരപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

17/11/21

JS(A)

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽനമ്പർ | PWD-B1/128/2016-PWD |
| 2. വകുപ്പ് | പൊതുമരാമത്ത് (ബി) വകുപ്പ് |
| 3. വിഷയം | പൊതുമരാമത്ത് വകുപ്പ് - ജീവനക്കാര്യം - ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ എടവണ്ണ പൊതുമരാമത്ത് വിശ്രമ കേന്ദ്രത്തിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി. റംലാ ബീഗത്തിന്റെ സർവ്വീസ് സ്ഥിരപ്പെടുത്തുന്നത് - സംബന്ധിച്ച് |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14.10.2021 |
| 5. (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. ധനകാര്യവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. നിയമ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | രശ്മി രവീന്ദ്രൻ |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ആനന്ദ് സിംഗ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.11.2021 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ: വി.പി.ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.11.2021 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | പി. എ. മുഹമ്മദ് റിയാസ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 16.11.2021 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 16.11.2021 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ശ്രീമതി റംലാ ബീഗം ഫയൽ ചെയ്ത OA No.1104/2016 ന്മേൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 06.09.2018 തീയതിയായുള്ള അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മലപ്പുറം എടവണ്ണ പൊതുമരാമത്ത് വിശ്രമ കേന്ദ്രത്തിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി. റംലാ ബീഗത്തിന്റെ സർവ്വീസ് സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി. റംലാ ബീഗം 01.01.2000 മുതൽ മലപ്പുറം എടവണ്ണ പൊതുമരാമത്ത് വിശ്രമ കേന്ദ്രത്തിലെ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്നതിനാൽ സ.ഉ (അച്ചടി) 501/2005/ധന. തീയതി 25.11.2005 ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുവാൻ അർഹതയുണ്ട് എന്നായിരുന്നു ഹർജിക്കാരിയുടെ വാദം. 01.01.2000 മുതൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ചുവരുന്ന കാര്യം എതിർവാദത്തിൽ സർക്കാർ അംഗീകരിച്ചുവെങ്കിലും ഹർജിക്കാരിയോടൊപ്പം മറ്റൊരു വ്യക്തിയും തുല്യമായ കാലയളവിൽ ഇതേ കാര്യാലയത്തിൽ ജോലി ചെയ്ത് വന്നിരുന്ന കാരണത്താലും കാഷ്വൽ സ്വീപ്പറായി തുടർച്ചയായ സേവനമില്ലാത്തതിനാലും സ്ഥിരപ്പെടുത്തുവാൻ കഴിയില്ല എന്ന് സർക്കാർ വാദിച്ചു. എന്നാൽ സർക്കാർ വാദങ്ങൾ ബഹു. ട്രൈബ്യൂണൽ നിരാകരിക്കുകയും ഹർജിക്കാരിയുടെ സർവ്വീസ് സ്ഥിരപ്പെടുത്തുവാൻ, ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർ സമർപ്പിച്ചിരിക്കുന്ന നിർദ്ദേശം പരിഗണിക്കുവാൻ ബഹു. ട്രൈബ്യൂണൽ 06.09.2018 ൽ ഉത്തരവാകുകയുമുണ്ടായി. അതോടൊപ്പം, സ.ഉ (അച്ചടി) നം. 501/2005/ ധന. തീയതി 25.11.2005 ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ, ടി ഉത്തരവ് കൈപ്പറ്റി മൂന്ന് മാസത്തിനകം അനുവദിച്ച് നൽകുവാൻ ഉചിതമായ ഉത്തരവിറക്കുവാനും, അതിന് ശേഷം രണ്ട് മാസത്തിനകം ഈ ആനുകൂല്യങ്ങൾ ഹർജിക്കാരിയ്ക്ക് അനുവദിച്ച് നൽകണമെന്നും ബഹു. ട്രൈബ്യൂണൽ നിർദ്ദേശിച്ചു.

3. സ.ഉ (കൈയ്യെഴുത്ത് ) 16/2010/പൊ.മ.വ തീയതി 22.03.2010 ഉത്തരവ് പ്രകാരം മലപ്പുറം എടവണ്ണ പൊതുമരാമത്ത് വിശ്രമ കേന്ദ്രത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക ഇതിനോടകം സൃഷ്ടിച്ചിട്ടുണ്ടെന്ന് ഭരണ വിഭാഗം ചീഫ് എൻജിനീയർ റിപ്പോർട്ട്

ചെയ്തിരുന്നു. ആകയാൽ ബഹു. ട്രൈബ്യൂണലിന്റെ വിധി പ്രകാരം ഹർജിക്കാരിയുടെ സേവനം പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി ഫയൽ അയച്ചപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*"Administrative Department is informed that the direction of the Hon'ble KAT is to regularise the service of the applicant in the light of GO(P) No. 501/2005/Fin dated 25-11-2005 and to pay consequential benefits. As per G.O.(P) No. 501/2005/Fin dated. 25/11/2005, the casual / temporary sweepers being continuously engaged in an office having a sweeping area of 100 sq.mtrs or above as on 25/11/2005 are eligible for regularisation in PTS post. On examining the case, it is seen that Smt.Ramla Beegum was engaged intermittently and was absent from service during 01/04/2003 to 31/12/2004. As such, she is not eligible for regularisation in terms of G.O. (P) No. 501/2005/Fin dated. 25/11/2005. Hence AD is requested to file appeal against the final judgment in OA (EKM) No.1104/2016 urgently."*

4. തുടർന്ന് ഇക്കാര്യത്തിൽ നിയമ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*"As per the stipulations contained in G.O.(P) No.501/2005/Fin dated. 25.11.2005, a Casual / Temporary sweeper being continuously engaged in an office is eligible for regularization in Part Time Sweeper post. The term "continuously engaged" carries within it 'service without any interruption'. In the instant case, there is absense of service for a period from 01/04/2003 to 31.12.2004 as endorsed by the Assistant Engineer. Apart from this, the respondents may adduce evidence to show that somebody else other than petitioner had rendered service as Sweeper during the period. for the successful contest of the appeal. Administrative Department may therefore take immediate steps to obtain such details. Since the time limit prescribed by Hon'ble Kerala Administrative Tribunal has already been elapsed.*

*Administrative Department may take urgent steps to file an appeal and obtain a stay on the orders of Hon'ble Kerala Administrative Tribunal".*

5. മേൽ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ബഹു. ട്രൈബ്യൂണൽ വിധിയ്ക്കെതിരെ ബഹു. ഹൈക്കോടതിയിൽ OP(KAT) No.401/2020 നമ്പരായി സർക്കാർ അപ്പീൽ ഫയൽ ചെയ്തു. എന്നാൽ ഈ അപ്പീൽ 01.02.2021 ലെ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതി നിരസിയ്ക്കുകയും വിധിയുടെ പകർപ്പ് ലഭിച്ച് 6 ആഴ്ചയ്ക്കകം ട്രൈബ്യൂണൽ ഉത്തരവ് നടപ്പാക്കുവാൻ നിർദ്ദേശിയ്ക്കുകയും ചെയ്തു.

6. GO(P) No.501/2005/Fin dated 25.11.2005 പ്രകാരമുള്ള ആനുകൂല്യങ്ങൾ ഹർജിക്കാരിയ്ക്ക് അനുവദിച്ച് നൽകുവാനാണ് ബഹു. ട്രൈബ്യൂണൽ ഉത്തരവായിട്ടുള്ളത്. പ്രസ്തുത ഉത്തരവിലെ 8-ാം ഖണ്ഡിക പ്രകാരം 18.06.2001 മുതലുള്ള ഹർജിക്കാരിയുടെ സേവനം സ്ഥിരപ്പെടുത്തി നൽകേണ്ടതുണ്ട്. ആകയാൽ ഇക്കാര്യത്തിൽ അഭിപ്രായയോജിപ്പിനായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് വീണ്ടും അയച്ചപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"In the AD file, sweeping area certificate is not sanctioned by Assistant Engineer as well as the date is not mentioned. It is seen in the letter of Assistant Engineer, PWD Building section, Manjeri, dtd, 19.07.2019, she is not engaged continuously as casual sweeper. She was present only for 153 days for the year 2005 and only for 151 days for the year 2006. As per G.O. (P) No.501/2005/Fin dated, 25/11/2005, the casual / temporary sweepers being continuously engaged in an office having a sweeping area of 100 sq.mtrs or above as on 25/11/2005 are eligible for regularisation in PTS post. There is no evidence found in AD File about the sweeping area during the year 2005. Considering these facts, Finance Department can not agree to regularise the service of Smt. Ramla Beegum as PTS in PWD Rest House at Edavanna, Malappuram District w.e.f. 18.06.2001."*

7. ഫയൽ സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി. തുടർന്ന്, ക്യാബിനറ്റ് കുറിപ്പിന്റെ കരട് സഹിതം ഫയൽ സമർപ്പിച്ചപ്പോൾ അന്ന് നിലവിലിണ്ടായിരുന്ന മന്ത്രിസഭയുടെ കാലാവധി അവസാനിച്ച് പുതിയ മന്ത്രിസഭ നിലവിൽ വന്ന ശേഷം ഫയൽ വീണ്ടും സമർപ്പിച്ചപ്പോൾ നിയമവകുപ്പിന്റെ അഭിപ്രായം കൂടി പരിശോധിച്ച ശേഷം ഫയൽ വീണ്ടും സമർപ്പിക്കുവാൻ ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി ഉത്തരവിടുകയുണ്ടായി. നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

It is seen that the OP(KAT) No.401/2020 was filed by the State challenging the order dated 06.09.2018 in OA(EKM)No.1104/2016 of the KAT on the lone ground that the applicant had no continuous service as one Rubina were engaged intermittently and therefore the applicant cannot claim that she is entitled to be regularised in service. But the Honourable High Court observed that reason for the same was sufficiently explained by the first respondent and there can be no reason for refusing the benefit of regularisation of 1st respondent. Besides, no other grounds have been made out for interference with the Order of the Tribunal in exercise of the extra ordinary supervisory jurisdiction of the High Court under Article 226 and 227 of the Constitution of India Further it was also observed by the Court that there exists a sanctioned post of Part-time Sweeper in the PWD Rest House. In the above circumstance, there is no scope for any successful appeal against the judgment dated 01.02.2021 of the Honourable High Court in OP (KAT) No. 401/2020. It may be noted that though the order of KAT in OA (EKM) No. 1104/2016 was issued on 06.09.2018, the Honourable High Court has directed to comply with direction issued by the Tribunal's order dated 06.09.2018 in OA (EKM) No. 1104/2016 within six weeks from the date of receipt of a Certified copy of the Judgment in OP (KAT) No. 401/2020. In view of the above, it is appropriate to comply with the said directions with in time limit allowed by the Honourable High Court.

8. നിയമവകുപ്പിന്റെ അഭിപ്രായസഹിതം ഫയൽ, ബഹു.കോടതി ഉത്തരവ് പാലിക്കുന്നതിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്നതിനുമേൽ ഉത്തരവിനായി ചംക്രമണം ചെയ്തപ്പോൾ ബഹു.മുഖ്യമന്ത്രി ചുവടെ പറയും പ്രകാരം ഉത്തരവിടുകയുണ്ടായി.

"സമാനമായ അനവധി കേസുകൾ കോടതി നിർദ്ദേശവുമായി പരിഗണനയ്ക്കായി വരുന്നുണ്ട്. ഇക്കാര്യത്തിൽ പൊതു വ്യവസ്ഥ രൂപീകരിക്കുന്ന കാര്യം ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് സമയബന്ധിതമായി സമർപ്പിക്കുക. "

9. തുടർന്ന്, ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു പൊതുവ്യവസ്ഥ രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനും ഈ കേസിൽ കോടതിയലക്ഷ്യ നടപടികൾക്ക് സാധ്യതയുള്ളതിനാൽ സ ഉ (അച്ചടി) 501/2005/ധന തീയതി 25.11.2005 ഉത്തരവ് പ്രകാരം അപേക്ഷകയുടെ സേവനം 18.06.2001 മുതൽ സ്ഥിരപ്പെടുത്തി നൽകുന്ന കാര്യത്തിലും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയച്ചപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"ഈ കേസിൽ അടിയന്തിരമായി SLP ഫയൽ ചെയ്യാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടുന്നു. ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "

10. ഈ സാഹചര്യത്തിൽ, ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ബഹു.ഹൈക്കോടതിയുടെ (ഡിവിഷൻ ബഞ്ച്) വിധി പാലിക്കേണ്ട സമയപരിധി അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത വിധിയ്ക്കെതിരെ SLP ഫയൽ ചെയ്യേണ്ടതുണ്ടോ? അതോ, ഈ കേസിൽ അപ്പീലിന് സാധ്യതയില്ല എന്ന് നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ബഹു.കോടതി നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതിന് മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ? എന്നതിൻ മേൽ ഉത്തരവിനായി ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിയ്ക്ക് ഫയൽ ചംക്രമണം ചെയ്തിരുന്നു.

11. തുടർന്ന്, ടി കേസ് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും കൂടുതൽ കോടതി കേസുകൾ നിലവിലുള്ള വിഷയമായതിനാൽ, ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് നിർദ്ദേശം സമർപ്പിക്കുവാനും ബഹു.മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

12. അതേസമയം പാർട്ട് ടൈം സ്വീപ്പർമാരുടെ താൽക്കാലിക സർവ്വീസ് സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട്, ബഹു.സുപ്രീംകോടതി 07.10.2021-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ ഈ കേസിൽ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്ന കാര്യത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു.

ബഹു. സുപ്രീംകോടതി മുൻപാകെ Union of India & Others ഫയൽ ചെയ്ത CA. 5689-5690/2021 നമ്പർ കേസിൽ 07.10.2021-ലെ വിധിയിൽ ബഹു. സുപ്രീംകോടതി ഉത്തരവായിട്ടുള്ളത് ഇപ്രകാരമാണ്:-

8.7. "Thus, as per the law laid down by this Court in the aforesaid decisions part-time employees are not entitled to seek regularization as they are not working against any sanctioned post and there cannot be any permanent continuance of part-time temporary employees as held. Part-time temporary employees in a Government run institutuion cannot claim parity in salary with regular employees of the Government on the principle of equal pay for equal work.

8.8. As per the settled proposition of law the regularization can be only as per the regularization policy declared by the State/Government and nobody can claim the regularization as a matter of right dehors the regularization policy. Therefore, in absence of any sanctioned post and considering the fact that the respondents were serving as contingent part-time Safair Karamcharis even otherwise, they were not entitled for the benefit of regularization under the regularization policy dated 30.06.2014 ". ടി വിധിയിൽ part time employees sanctioned post-കളിലല്ലാ ജോലി ചെയ്തിരുന്നതെന്ന കാരണത്താലാണ് Part time employees-ന് റെഗുലറൈസേഷന് അർഹതയില്ലായെന്ന് ബഹു. സുപ്രീംകോടതി വിധിച്ചിട്ടുള്ളതെന്ന് കാണുന്നു. അതായത് santioned post-ന്റെ അഭാവത്തിൽ റെഗുലറൈസേഷന് അർഹതയില്ലായെന്ന് വ്യക്തമാക്കിയിട്ടുള്ളതെന്ന് കാണുന്നു.

25.11.2005-ലെ G.O(P).501/2005/Fin., 09.02.2010-ലെ G.O(P). 62/2010/Fin എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 11/2005-ന് മുൻപ് സർക്കാർ ഓഫീസുകളിൽ നിയമിക്കപ്പെട്ടവരും 25.11.2005 തീയതിയിൽ തുടർന്ന് വരുന്നതുമായ താൽക്കാലിക സ്വീപ്പർമാരെ സ്വീപ്പിംഗ് ഏരിയ 100 ച.മീറ്ററിൽ കൂടുതൽ ആണെങ്കിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്താവുന്നതും പ്രസ്തുത ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയില്ലായെങ്കിൽ തസ്തിക സൃഷ്ടിക്കാവുന്നതുമാണ്. ശ്രീമതി റംലാ ബീഗം

01.01.2000 മുതൽ മലപ്പുറം എടവണ്ണ പി ഡബ്ല്യു ഡി റസ്റ്റ് ഹൗസിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്തു വരുന്നു എന്ന കാര്യത്തിലും പ്രസ്തുത ഓഫിസിന്റെ സ്വീപ്പിംഗ് ഏരിയ 100 ച.മിറ്ററിൽ കൂടുതലുണ്ട് എന്ന കാര്യത്തിലും ഭരണ വകുപ്പിനു തർക്കമുള്ളതായി കാണുന്നില്ല. എന്നാൽ ശ്രീമതി.റംലാ ബീഗം ജോലി ചെയ്തിരുന്ന കാലയളവിൽ റുബിന എന്ന വ്യക്തിയും പ്രസ്തുത ഓഫീസിൽ ജോലി ചെയ്തിരുന്നു എന്ന കാരണത്താൽ കാഷ്വൽ സ്വീപ്പറായി തുടർ സേവനമില്ലാ എന്ന ground-ലാണ് ബഹു.ഹൈക്കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തതെന്നു കാണുന്നു. എന്നാൽ ആയതിനുള്ള കാരണം ഒന്നാം എതിർകക്ഷി വ്യക്തമായി വിശദീകരിച്ചതിനാൽ നിലനിൽക്കില്ലായെന്നാണ് ബഹു.ഹൈക്കോടതി നിരീക്ഷിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ ടി വാദത്തെ സാധൂകരിക്കുന്ന തെളിവുകളൊന്നും ഹാജരാക്കിയതായി കാണുന്നില്ല. കൂടാതെ മലപ്പുറം ബിൽഡിംഗ്സ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 03.12.2018 തീയതിയിലെ റിപ്പോർട്ടിൻ പ്രകാരം 22.03.2010 ലെ ജി ഒ (എം എസ്) 16/2010/പി ഡബ്ല്യു ഡി ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പറുടെ സ്ഥിരം തസ്തിക അനുവദിച്ചിട്ടുള്ളതാണെന്ന് ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. മേൽ സാഹചര്യത്തിൽ 22.03.2010 തീയതി മുതൽ എടവണ്ണ പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിൽ പാർട്ട് ടൈം സ്വീപ്പറുടെ സ്ഥിരം തസ്തികയുള്ളതായി കാണുന്നു. ശ്രീമതി.റംലാ ബീഗത്തിന് തുടർ സേവനമില്ലായെന്ന സർക്കാർ വാദം സാധൂകരിക്കുന്ന തെളിവുകളുടെ അഭാവത്തിലും പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിൽ പാർട്ട് ടൈം സ്വീപ്പറുടെ sanctioned post 22.03.2010 മുതൽ നിലവിലുള്ള സാഹചര്യത്തിലും 25.11.2005 ലെ GO(P) 501/2005/Fin നമ്പർ ഉത്തരവു പ്രകാരമുള്ള മാനദണ്ഡങ്ങൾ ടിയാരിയുടെ കാര്യത്തിൽ നിലനിൽക്കുന്നതിനാലും ബഹു.സുപ്രീം കോടതി മുമ്പാകെ SLP ഫയൽ ചെയ്യുന്നതിന് ഈ കേസിൽ Substantial Question of Law ഇല്ലാത്തതിനാലും OP(KAT) 401/2020 നമ്പർ കേസിലെ 01.02.2021 തീയതിയിലെ വിധിക്കെതിരെ വിജയകരമായ അപ്പീൽ സാധ്യത കാണുന്നില്ലായെന്ന വിവരം ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്. എന്നാൽ ടി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനായി ഭരണ വകുപ്പ് അഡ്വക്കേറ്റ് ജനറലിന് ഇതിനകം നിർദ്ദേശം നൽകിയിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. മേൽ സാഹചര്യത്തിൽ ടി വിഷയം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം കൂടി ആരാഞ്ഞ്

ആയതിനനുസൃതമായി ഭരണ വകുപ്പിന് ഉചിത തീരുമാനം എടുക്കാവുന്നതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു.

13. അപ്പീലിന് സാദ്ധ്യതിയില്ല എന്ന നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ബഹു.സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനായി നാളിതുവരെയും അഡ്വക്കേറ്റ് ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല.

14. ബഹു. കോടതി വിധി സമയബന്ധിതമായി നടപ്പിലാക്കിയിട്ടില്ലെന്ന് പ്രസ്താവിച്ചുകൊണ്ട് ശ്രീമതി റംലാ ബീഗം ബഹു.ട്രിബ്യൂണലിനെ വീണ്ടും സമീപിച്ചതിനെ തുടർന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി 20.10.2021 ന നേരിട്ട് ഹാജരാകുവാൻ ബഹു.ട്രൈബ്യൂണൽ ഉത്തരവാകുകയുണ്ടായി. തുടർന്ന് ഇക്കാര്യം വിശദമായി പരിശോധിച്ച് വരികയാണെന്ന പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സത്യവാങ്മൂലം പരിഗണിച്ച ട്രൈബ്യൂണൽ 08.11.2021 ന മുൻപായി കോടതി നിർദ്ദേശം പാലിച്ചു കൊണ്ടുള്ള ഉത്തരവ് ഹാജരാക്കിയില്ലെങ്കിൽ 08.11.2021-ന സെക്രട്ടറി നേരിട്ട് ട്രൈബ്യൂണൽ മുമ്പാകെ ഹാജരായി, സെക്രട്ടറിക്കെതിരെ തുടർനടപടികൾ സ്വീകരിക്കാതിരിക്കുവാനുള്ള കാരണം ബോധിപ്പിക്കണമെന്ന് ഉത്തരവായിരുന്നു.

15. മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിന്റെ കരട് സമർപ്പിച്ചപ്പോൾ ചുവടെ ചേർക്കും പ്രകാരമുള്ള വിഷയങ്ങൾ കൂടി പരിശോധിച്ച് സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നു.

State of Kamataka Vs Uma Devi (3) & Others (2006) 4 SCC 1 കേസിലെ നിർദ്ദേശങ്ങളെ ലംഘിച്ചുകൊണ്ട് ഒരു ക്രമപ്പെടുത്തലും അനുവദനീയമല്ലെന്ന് റിട്ട് അപ്പീൽ നം. 2084/2018 -ൻ മേലുള്ള 22.02.2021 ലെ വിധിന്യായത്തിൽ ഹൈക്കോടതി നിഷ്കർഷിച്ചിരുന്നു. ടി വിധിന്യായത്തിനെതിരെ സംസ്ഥാന സർക്കാർ ബഹു. സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റിഷനിൻമേൽ തീരുമാനമായിട്ടില്ല. മാത്രമല്ല, ബഹു. സുപ്രീം കോടതി UNION OF INDIA & ORS Vs ILMO DEVI & ANR (CIVIL APPEAL NOS. 5689-5690 OF 2021 കേസിൽ 07.10.2021-ൽ പുറപ്പെടുവിച്ച വിധിന്യായത്തിലും State of Karnataka Vs Uma Devi (3) & Others കേസിലെ നിർദ്ദേശങ്ങളെ സ്ഥിരീകരിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു

"The High Court cannot, in exercise of the power under Article 226, issue a Mandamus to direct the Department to sanction and create the posts. The High Court, in exercise of the powers under Article 226 of the Constitution, also cannot direct the Government and/or the Department to formulate a particular regularization policy. Framing of any scheme is no function of the Court and is the sole prerogative of the Government. Even the creation and/or sanction of the posts is also the sole prerogative of the Government and the High Court, in exercise of the power under Article 226 of the Constitution, cannot issue Mandamus and/or direct to create and sanction the posts (Para 8.4).

Even the regularization policy to regularize the services of the employees working on temporary status and/or casual labourers is a policy decision and in Judicial review the Court cannot issue Mandamus and/or issue mandatory directions to do so. In the case of R.S. Bhonde and Ors. (supra), it is observed and held by this Court that the status of permanency cannot be granted when there is no post. It is further observed that mere continuance every year of seasonal work during the period when work was available does not constitute a permanent status unless there exists a post and regularization is done (Para 8.5)".

മേൽ സാഹചര്യത്തിൽ, ഇത്തരം ക്രമപ്പെടുത്തലുകൾ മേൽ വിധിന്യായങ്ങളുടെ ലംഘനമാകുമോ എന്ന കാര്യത്തിലും, ക്രമപ്പെടുത്തലുകളുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ ട്രൈബ്യൂണലുകളുടെ വിധിന്യായങ്ങൾ / ഉത്തരവുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ചും അല്ലാത്തപക്ഷം സുപ്രീം കോടതിയുടെ വിധിന്യായങ്ങളുടെ വെളിച്ചത്തിൽ അപ്പീൽ / റിവ്യൂ ഫയൽ ചെയ്യുന്നത് സംബന്ധിച്ചും അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം, നിയമ വകുപ്പിന്റെ അഭിപ്രായം കൂടി കണക്കിലെടുത്ത് അടിയന്തിരമായി ലഭ്യമാക്കുക.

16. ഇതിൻപ്രകാരം നിയമവകുപ്പിൽ നിന്നും അഡ്വക്കേറ്റ് ജനറലിൽ നിന്നും ലഭിച്ച അഭിപ്രായം ചുവടെ ചേർക്കുന്നു.

നിയമവകുപ്പ്

G.O. (P) No. 501/2005 dated 25.11.2005 deals with regularisation of casual sweepers and creation of posts in consultation with Finance Department. The claim of the employees, based on the guidelines issued as per the G.O., was allowed by the Hon'ble High Court.

The power of the State as an employer is governed by Article 309 of Indian Constitution. The Article contemplates the drawing up of a procedure and rules to regulate the recruitment and conditions of service of persons serving the Union or a State.

In Secretary, State of Karanataka v. Uma Devi(AIR 2006 SCC 1806), the Hon'ble Supreme Court emphasized that when rules are framed under Article 309 of the Constitution of India, no regularization is permissible in exercise of the executive powers of the Government under Article 162 of Constitution in contravention of the rules.

In Joy Joseph and another v. Institute of Human Resources Development (IHRd) and others (Writ Appeal No. 2084/2018), the Hon'ble High Court of Kerala directed that no regularization can be gratnted to any temporary employees in the Government Instititutions/Government companies/Statutuory corlporations/or in any institution like the IHRD where there is deep and pervasive state control/special purpose vehicles formed for implementing specifice projects/institutions of public importatnce and related to governmental functions etc. Contrary to the express directions in Uma Devis's case.

In Upendra Singh v. State of Bihar and others (Civil Appeal No. 2356/2018), the Hon'ble Supreme Court held that irregular appointments can be regularised if the appointment was made by an authority competent to do so, it was made on a vacant sanctioned post in accordance with Article 14 of the Constitution with equal opportunity for particiaption of others elibible by competititive selection and

candidate possessed the eligibility, qualifications for the regular appointment to the post.

In Union of India and Others v. Ilmo Devi and another, the Hon'ble Supreme court stated that Part Time Employees are not entitled to seek regularization as they are not working in sanctioned posts.

Here, the employee accrued the right of regularization by virtue of G.O. (P) NO. 501/2005. The judgments above referred have not nullified the G.O. of 2005, by which the employess got right to continue in service. The decision rendered by the Hon'ble Supreme Court in Uma Devi's case is not a bar for the regularisation based on a previous G.O. In other words judgment is not retrospective in effect.

In the circumstances, regularisation of the services of the employees working as casual labourers in view of the guidelines of the G.O. (P) No. 501/2005 cannot be said to be an infraction to the decision rendered by the Hon'ble Supreme court. So, it is not prudent to prefer appeal challenging the verdict of the Hon'ble Administrative Tribunal and Hon'ble High Court.

**അഡ്വക്കേറ്റ് ജനറൽ**

OA (EKM) No. 1104/16 was disposed of by order dated 06.09.2018 directing the first respondent in OA to consider the proposal submitted by the Executive Engineer for regularization of service of the applicant and to pass appropriate orders extending the benefits to the applicant as provided under Annexure A4 order within a period of 3 months from the date of receipt of the copy of the order. The Tribunal declared that the applicant will be entitled to all consequential benefits on such regularization of her service and the monetary benefits due to her shall be paid within two months from the date of receipt of the order issued by the first respondent. Aggrieved by the above order, the State filed OP (KAT) No. 401/2020 before the Hon'ble High Court of Kerala. The above OP (KAT) was dismissed by judgment dated 01.02.2021 holding that there is no legal reason to

interfere with the well considered order passed by the Tribunal. The High Court found that the first respondent was engaged against a sanctioned post from 1.1.2000 onwards and the sweeping area was more than 450 Sq.ms. Except for the objection regarding the engagement of another person Rubeena in an intermittent period which has been denied by the applicant, there can be no reason for refusing the benefit of the regularization to the applicant. Subsequently, Interlocutory Application dated 10.09.2021 was filed for extending the time limit for complying the judgment. In the above Interlocutory Application it was stated that the concurrence of Finance Department in Government is essential for complying with the directions issued by the Tribunal. The Secretary to Government, Public Works (B) Department, issued letter dated 30.10.2021 requesting legal opinion in the matter. I have considered the above letter dated 30.10.2021. In the above letter the decision of the Hon'ble Supreme Court in State of Karnataka Vs. Umadevi reported in (2006) 4 SCC(1) was relied on for the proposition that the Hon'ble Supreme Court has deprecated the practice of regularization of temporary employees and in W.A.No. 2084/2018 the Division Bench of the High Court passed judgment dated 22.02.2021 holding that no regularization can be ordered violating the judgment of the Supreme Court in State of Karnataka Vs. Umadevi. The issue raised and considered in State of Karnataka Vs. Umadevi and in the W.A. No. 2084/2018 was entirely different. Those cases were regarding regularization of provisional employees who were appointed through backdoor and whether they are entitled for regularization or not. The issue considered in the OP (KAT) No. 401/2020 is regarding the entitlement of the Casual Sweepers for regularization in accordance with scheme provided by the Government as per G.O.(P) No.501/2005/Fin. dated.25.11.2005. Once the Government framed a scheme for regularization the Government is bound by the scheme and the Departments under the Government cannot deviate from the scheme. The judgment in the Umadevi's case has no application in the case of hand. In the circumstances, I am

of the considered opinion that there is no scope for filing any review or appeal against the judgment in OP (KAT) No. 401/2020.

17. ബഹു. സുപ്രീം കോടതി UNION OF INDIA & ORS Vs ILMO DEVI & ANR (CIVIL APPEAL NOS. 5689-5690 OF 2021 കേസിൽ 07.10.2021-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ അംഗീകൃത പാർട്ട് ടൈം സ്വീപ്പർ തസ്തികയില്ലാത്തപക്ഷം പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് സർവ്വീസ് സ്ഥിരപ്പെടുത്തി ലഭിക്കുവാൻ അർഹതയില്ലെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

18. പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ നിലവിലില്ലാത്ത സർക്കാർ ഓഫീസുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചും കാഷ്വൽ സ്വീപ്പർമാരുടെ സേവനം സ്ഥിരപ്പെടുത്തുന്നതിനെയും സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങളാണ് 25/11/2005 ലെ ജി.ഒ(പി)നം.501/2005/ധന ഉത്തരവിൽ പ്രതിപാദിക്കുന്നത്. മലപ്പുറം എടവണ്ണ വിശ്രമ കേന്ദ്രത്തിൽ 24/12/1982 ലെ ജി.ഒ(പി)നം.191/1982/പി.ഡബ്ല്യു&ഇ പ്രകാരം പാർട്ട് ടൈം സ്വീപ്പറുടെ താത്ക്കാലിക തസ്തിക സൃഷ്ടിക്കുകയും. 22/03/2010 ലെ ജി.ഒ(എം.എസ്) 16/10/പൊ.മ.വ പ്രകാരം പ്രസ്തുത തസ്തിക സ്ഥിരപ്പെടുത്തി ഉത്തരവാകുകയുമുണ്ടായിട്ടുണ്ട്. 01.02.2021-ലെ വിധി ന്യായത്തിൽ (OP (KAT) 401/2020) ബഹു. ഹൈക്കോടതി (ഡിവിഷൻ ബഞ്ച്) ശ്രീമതി.റംലാ ബീഗം 01/01/2000 മുതൽ ടി സാങ്ഷൻഡ് പോസ്റ്റിൽ ജോലി ചെയ്ത് വരുകയാണെന്ന് നിരീക്ഷിച്ചിട്ടുമുണ്ട്. ആകയാൽ ടി തീയതി മുതൽ ടിയാളെ സ്ഥിരപ്പെടുത്തി സർവ്വീസ് ആനുകൂല്യങ്ങൾ നൽകേണ്ടതുണ്ട്.

19. ശ്രീമതി. റംലാ ബീഗം ഫയൽ ചെയ്ത കേസിലെ അന്തിമ വിധി ന്യായത്തിലെ നിർദ്ദേശങ്ങൾ പാലിച്ച് 08.11.2021 നു മുൻപായി സർക്കാർ ഉത്തരവ് ഹാജരാക്കിയില്ലെങ്കിൽ 08.11.2021-നു സെക്രട്ടറി നേരിട്ട് ട്രൈബ്യൂണൽ മുമ്പാകെ ഹാജരായി സെക്രട്ടറിക്കെതിരെ തുടർനടപടികൾ സ്വീകരിക്കാതിരിക്കുവാനുള്ള കാരണം ബോധിപ്പിക്കണമെന്ന് ഉത്തരവായിരുന്നു. 08.11.2021 ന് കോടതി സെക്രട്ടറിയെ Online ൽ കേൾക്കുകയും 23.11.2021 ന് മുൻപായി കോടതി നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സമർപ്പിച്ചില്ലെങ്കിൽ കോടതിയലക്ഷ്യ നടപടികൾ സ്വീകരിക്കും എന്നും നിർദ്ദേശിക്കുകയുണ്ടായി.

20. മേൽ സാഹചര്യത്തിലും ഈ കേസ് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാനുള്ള ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഇക്കാര്യത്തിൽ അടിയന്തിര തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്.

**തീരുമാനിക്കേണ്ട സംഗതി**

പൊതുമരാമത്ത് വകുപ്പ് മലപ്പുറം എടവണ്ണ വിശ്രമ കേന്ദ്രത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 01/01/2000 മുതൽ കാഷ്വൽ സ്വീപ്പർ ആയി ജോലി നോക്കിവരുന്ന ശ്രീമതി. റംലാ ബീഗത്തിന്റെ സേവനം, വിജയകരമായ അപ്പീലിന് സാധ്യതയില്ലെന്നുള്ള നിയമ വകുപ്പിന്റെയും അഡ്വ. ജനറലിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, SLP ഫയൽ ചെയ്യാനുള്ള ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തെ മറികടന്ന്, ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.1104/16 നമ്പർ കേസിലെയും ബഹു. ഹൈക്കോടതിയുടെ OP(KAT) No.401/2020 കേസിലെയും. മേൽ വിധിയുടെയും അടിസ്ഥാനത്തിൽ ടിയാൾ ജോലിയിൽ പ്രവേശിച്ച തീയതിയായ 01/01/2000 മുതൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി സർവ്വീസ് ആനുകൂല്യങ്ങൾ നൽകാവുന്നതാണോ?